1. ശ്രീ. പിണറായി വിജയൻ, എം.എൽ.എ.-സി.പി.എം. സ്റ്റേറ്റ് സെക്രട്ടറി- 'ഇസഡ്' കാറ്റഗറി.

2. ശ്രീ. കെ. കരുണാകരൻ, എം.പി-'വൈ' കാറ്റഗറി.

3. "'ടി.വി. അനന്തൻ, പ്രാന്തം സംഘചാലറ്റ്-'വൈ' കാറ്റഗറി.

4. "കെ. സുധാകരൻ, എം.എൽ.എ-'എക്സ്' - കാറ്റഗറി.

5. "സി.കെ. പത്മനാഭൻ, ബി.ജെ.പി-സ്റ്റേറ്റ് പ്രസിഡന്റ്-എസ്സ് കാറ്റഗറി.

6. "എ. കണാരൻ, എം.എൽ.എ-'എക്സ്' കാറ്റഗറി.

7. "വി.എസ്. അച്ചുതാനന്ദൻ, എൽ.ഡി.എഫ് കൺവീനർ-'സി'കാറ്റഗറി.

8. "കൊടിയേരി ബാലകൃഷ്ണൻ, സി.പി.എം. സ്റ്റേറ്റ് സെക്രട്ടറിയേറ്റ് അംഗം-'സി' കാറ്റഗറി.

ശ്രീ. എം.വി. രാഘവന് (സി.എം.പി) പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക സുരക്ഷാ ഭീഷണിയുടെ അടിസ്ഥാനത്തിൽ ഇ.പി. ജയരാജൻ, എംവി. ജയരാജൻ, പി.കെ. കൃഷ്ണദാസ്, സി.കെ. പത്മനാഭൻ എന്നീ നേതാക്കൾക്ക് കാറ്റഗറി 'എ' സംരക്ഷണം നൽകിവരുന്നു. സർവ്വശ്രീ. ശ്രീ. പി. ജയരാജൻ, ഒ.കെ. വാസുമാസ്റ്റർ, പി.പി.കരുണാകരൻമാസ്റ്റർ എന്നിവർക്ക് നൽകിയിരുന്ന കാറ്റഗറി 'എ' സംരക്ഷണം അവർ നിരസിച്ചിട്ടുണ്ട്.

(ഡി)&(ഇ) നിലവിലുള്ള സാഹചര്യത്തിൽ സുരക്ഷാ പറഞ്ഞ് ആവശ്യമില്ലെന്ന കാരണം പറഞ്ഞ് സർവ്വശ്രീ. ഒ.കെ. വാസു മാസ്റ്റർ, പി.പി.കരുണാകരൻ മാസ്റ്റർ എന്നിവർ അവരുടെ പി.എസ്.ഒ മാരെയും, ശ്രീ.പി. ജയരാജൻ (ദേശാഭിമാനി) കണ്ണൂർ യൂണിറ്റ് മാനേജർ ദേശാഭിമാനിയിലെ ഗാർഡുഡ്യൂട്ടിമാരെയും തിരിച്ചയച്ചിട്ടുണ്ട്. സർവ്വശ്രീ. കെ.കെ.വാസുമാസ്റ്ററുടെ വീട്ടിലെ ഗാർഡും, പി. ജയരാജന്റെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരും ഇപ്പോഴുമുണ്ട്.

കായികപരിശീലന നിരോധനം

67(808) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിധത്തിലുള്ള കായിക പരിശീലനമോ മറ്റു വിധത്തിലുള്ള ആയുധപരിശീലനമോ ആണ് ഇപ്പോൾ നിയമവിരുദ്ധമായിട്ടുള്ളത്;

(ബി) എന്നു മുതലാണ് ഇത്തരം പരിശീലനങ്ങൾ നിയമവിരുദ്ധമായിത്തീർന്നത്;

(സി) ഈ തീയതിക്കുശേഷം ഏതെങ്കിലും രാഷ്ട്രീയപാർട്ടികൾ നടത്തിയ ക്യാമ്പുകളിൽ എന്നിവ രഹസ്യമായി ആയുധ പരിശീലനവും കായിക പരിശീലനവും നൽകിയതായി ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ആക്ഷേപത്തെ സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു വെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കായിക പരിശീലനം നിരോധിച്ചുകൊണ്ട് യാതൊരു നിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സ്വയരക്ഷക്കായോ കയ്യേറ്റസ്വഭാവ മുള്ള രീതിയിൽ ഉൾകൊള്ളുന്നതോ ആയ കായിക പരിശീലനങ്ങൾ കേരള പോലീസ് (അമന്റ്മെന്റ്) ഓർഡിനൻസ് 2000 പ്രകാരം സർക്കാർ അധികാര പ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരുടെ അധികാരം വാങ്ങിയതിനുശേഷം മാത്രമേ നടത്താൻ പാടുള്ളു.

(ബി) 18-1-2000 ത്തിൽ നിലവിൽവന്ന കേരളാ പോലീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് 2000 പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിൽ ചില നിയ ന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

തീവ്രവാദപ്രവർത്തങ്ങൾ

68(809)ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മതതീവ്രവാദി കളുടെയും മറ്റു തീവ്രവാദികളുടെയും തീവ്രവാദപ്രവർത്തനങ്ങൾ തടയുന്ന തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീക രിക്കുമോ;

(ബി) എത്ര മത മൗലിക തീവ്രവാദ സംഘടനകൾ കേരളത്തി ലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; അതിൽ ഏതെങ്കിലും സംഘടനയെ നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദപ്രവർത്തകർ സംസ്ഥാനത്തേയ്ക്ക് കടക്കുന്നത് തടയുന്നതിന് ബന്ധപ്പെട്ട സംസ്ഥാന പോലീസുമായി സഹകരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് ഇന്റലിങ്കൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കി യിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തസ്തികകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. ബോംബും മറ്റ് സ്ഫോടക വസ്തുക്കളും കണ്ടെടുക്കുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ആധുനിക സംവിധാനങ്ങളോടുകൂടി ഇന്റലിജൻസ് വിഭാഗം ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. മത മൗലികവാദ സംഘടനകളുമായി ബന്ധപ്പെട്ട സ്ഫോടകവസ്തു ശേഖരവും നിർമ്മാണവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം നടത്തുന്ന അന്വേഷണത്തിനു പുറമെ ഓരോ ജില്ലാ അതിർത്തിക്കു ള്ളിലും പ്രസ്തുത വിവരങ്ങൾ മുൻകൂട്ടിശേഖരിച്ച് അറിയിക്കുന്നതിന് ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി മാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഘടകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് യുക്തമായ നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നുണ്ട്. മതതീവ്രവാദ പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly